"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - 30.11.2024-ലെ മാനേജിംഗ് കമ്മിറ്റി യോഗം - വിവിധ കാരണങ്ങളാൽ അംഗത്വം റദ്ദായവരുടെ അംഗത്വം പുനഃസ്ഥാപിച്ച് ഉത്തരവാകുന്നു.

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

സ.ഉ.(സാധാ) നം.13/2025/I&PRD തീയതി,തിരുവനന്തപുരം, 12-02-2025

പരാമർശം:- 1. 1 സ ഉ (പി )7/93/ഐ & പി ആർ തീയതി 06.08.1993

2. 30.11.2024-ലെ പത്രപ്രവർത്തക മാനേജിംഗ് കമ്മിറ്റി മിനിട്സ്.

**ഉത്തരവ്**

പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ വിവിധ കാരണങ്ങളാൽ അംശദായം അടയ്ക്കാൻ സാധിക്കാതെ അംഗത്വം റദ്ദായവരുടെ അംഗത്വം പുനഃസ്ഥാപിക്കുന്നതു സംബന്ധിച്ച് കേരള പത്രപ്രവർത്തക യൂണിയൻ നൽകിയ നിർദ്ദേശം (അജണ്ട 6) 30.11.2024-ൽ ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മാനേജിംഗ് കമ്മിറ്റിയോഗം പരിശോധിച്ചിരുന്നു. വിവിധ കാരണങ്ങളാൽ അംഗത്വം റദ്ദായവരുടെ അംഗത്വം ഒരു പൊതു ഉത്തരവിലൂടെ പുന:സ്ഥാപിച്ചു നൽകുവാൻ മാനേജിംഗ് കമ്മിറ്റി യോഗം തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, അംശാദായ കുടിശ്ശിക ഒടുക്കി അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ട് ഉത്തരവാകുന്നു.

**മാർഗ്ഗനിർദേശങ്ങൾ**

1. അംശദായം മുടങ്ങിയ മാസം മുതൽ കുടിശ്ശിക അടയ്ക്കേണ്ടതാണ്. അംശദായത്തുക ഓരോ കാലയളവിലും നിശ്ചയിച്ച നിരക്കിൽ ഈടാക്കുന്നതും കുടിശ്ശികത്തുക 15 % പിഴ സഹിതം ഒറ്റത്തവണയായി ഒടുക്കേണ്ടതുമാണ്. കുടിശ്ശിക ഘട്ടംഘട്ടമായി അടയ്ക്കുന്നതിന് അനുവാദമില്ല.
2. അംശദായം പുതുക്കുന്ന മാസത്തെ തവണക്ക് പിഴ അടയ്ക്കേണ്ടതില്ല.
3. അംഗത്വം പുന:സ്ഥാപിച്ചു നൽകുന്നവരിൽ സ്ഥാപനത്തിലെ വിരമിക്കൽ പ്രായം പ്രകാരം, ഇതിനകം വിരമിച്ചവർ ഉണ്ടെങ്കിൽ, അംഗത്വം പുന:സ്ഥാപിച്ചു നൽകുകയും തുടർന്ന് പെൻഷനുള്ള അപേക്ഷ സ്വീകരിച്ച് നടപടി കൈക്കൊള്ളേണ്ടതാണ് . എന്നാൽ ഇതിനകം പെൻഷന് അപേക്ഷിച്ചവരുണ്ടെങ്കിൽ കുടിശ്ശികത്തുക അടച്ച ശേഷം പെൻഷൻ അപേക്ഷയിന്മേൽ നടപടി കൈക്കൊള്ളേണ്ടതാണ്.
4. ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം അംഗത്വ പുന:സ്ഥാപനം നടത്താത്തവർക്ക് ഇപ്പോൾ നൽകിയ ഇളവ് നഷ്ടപ്പെടുന്നതാണ്.
5. അംഗത്വ പുന:സ്ഥാപനവേളയിൽ വിലാസം, ജനനത്തീയതി, സ്ഥാപനം, നോമിനിയുടെ

പേര് എന്നിവ പുതുക്കണമെന്ന് ആവശ്യമുള്ളവർ ബന്ധപ്പെട്ട ജില്ലാ /മേഖലാ ഉദ്യോഗസ്ഥർക്ക് അപേക്ഷ നൽകണ്ടതും ജില്ലാ /മേഖലാ ഉദ്യോഗസ്ഥർ അപേക്ഷ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6. പാസ് ബുക്ക് നഷ്ടപ്പെട്ട കേസുകളിൽ അംശദായ കുടിശ്ശിക നിശ്ചയിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഇതിനകം ഒടുക്കിയിട്ടുള്ള തുക ഉറപ്പുവരുത്തി മാത്രം കുടിശ്ശിക തുക ഈടാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം വി
ജോയിന്റ് സെക്രട്ടറി

എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sreelekhashajan
Date: 12-02-2025 16:29:49
സെക്ഷൻ ഓഫീസർ

പകർപ്പ്:-ഡയറക്ടറുടെ സി.എ
അഡീഷണൽ ഡയറക്ടറുടെ സി.എ ( ജനറൽ & അഡ്മിനിസ്ട്രേഷൻ)
ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ)